



# ഓണച്ചന്തകളിലൂടെ 3.57 കോടി രൂപയുടെ വിറ്റുവരവ്

കേരളത്തിലെ ഏറ്റവും പ്രധാന വിപണനക്കാലമായ ഓണക്കാലത്ത് കുടുംബശ്രീയുടെ നേതൃത്വത്തിൽ എല്ലാവർഷവും ഓണച്ചന്തകൾ സംഘടിപ്പിക്കാറുണ്ട്. ഈ വർഷവും കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് സാധ്യമാകുന്നിടങ്ങളിൽ ഓണച്ചന്തകൾ നടത്തണമെന്ന നിർദ്ദേശം ജില്ലകൾക്ക് നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 12 ജില്ലകളിൽ ഓണച്ചന്തകൾ നടത്താൻ ഞങ്ങൾക്ക് സാധിച്ചു. (കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ അനുമതി ലഭിക്കാത്തതിനാൽ ഓണച്ചന്തകൾ നടത്തിയില്ല). ആകെ 453 ഓണച്ചന്തകളാണ് ഈ ഓണക്കാലത്ത് സംഘടിപ്പിച്ചത്. ഇതിലൂടെ 3,57,02,956 രൂപയുടെ വിറ്റുവരവുണ്ടായി.

ഒരു സിഡിഎസിൽ ഒന്ന് എന്ന നിലയിലാണ് ഓണച്ചന്തകൾ സംഘടിപ്പിക്കുന്നത്. അതാത് സിഡിഎസുകൾക്കാണ് നടത്തിപ്പ് ചുമതല. ഓണക്കാലത്ത് പൂർണ്ണമായും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഓണച്ചന്തകൾ നടത്താനാണ് നിർദ്ദേശിച്ചിരുന്നത്. തദ്ദേശ സ്ഥാപന തലങ്ങളിൽ ചന്ത നടത്താൻ സാഹചര്യമുള്ളിടങ്ങളിൽ എല്ലായിടത്തും ചുരുങ്ങിയത് മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന ഓണച്ചന്തകൾ സംഘടിപ്പിക്കുകയാണ് ചെയ്യുന്നത്. കുടുംബശ്രീ സംരംഭകരുടെ ഉത്പന്നങ്ങളെല്ലാം ഈ ചന്തകളിലെത്തിച്ച് വിപണനം നടത്തി. സാധ്യമായിടങ്ങളിൽ ഞങ്ങളുടെ കൃഷിസംഘങ്ങളുടെ (ജോയ്ന്റ് ലയബിലിറ്റി ഗ്രൂപ്പ്- ജെഎൽജി) ഉത്പന്നങ്ങളും വിൽപനയ്ക്കായി എത്തിച്ചിരുന്നു. ഓണച്ചന്തകൾ കൂടാതെ ജില്ലാതലത്തിൽ പ്രത്യേക വിപണന മേളകൾ നടത്താനും സാധ്യമാകുമെങ്കിൽ മറ്റ് വകുപ്പുകളുമായി സംയോജിച്ച് വിപണനമേളകൾ നടത്താനും

നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് തൃശ്ശൂർ, പത്തനംതിട്ട, എറണാകുളം, കോട്ടയം എന്നീ നാല് ജില്ലകളിൽ ജില്ലാതല വിപണന മേളകളും സംഘടിപ്പിച്ചു.

ഈ വർഷം നടത്തിയ ഓണച്ചന്തകളുടെ വിശദാംശങ്ങൾ താഴെ നൽകുന്നു. (ജില്ല, നടത്തിയ ഓണച്ചന്തകളുടെ എണ്ണം, പങ്കെടുത്ത സംരംഭങ്ങളുടെ എണ്ണം, പങ്കെടുത്ത കൃഷിസംഘങ്ങളുടെ എണ്ണം, ആകെ വിറ്റുവരവ്...എന്ന ക്രമത്തിൽ).

1. തിരുവനന്തപുരം – 61 – 347 – 125 – 15,52,475 രൂപ
2. കൊല്ലം – 27 – 301 – 205 – 14,44,500 രൂപ
3. പത്തനംതിട്ട – 25 – 233 – 283 – 10,00,682 രൂപ
4. ആലപ്പുഴ – 38 – 317 – 278 – 67,72,273 രൂപ
5. കോട്ടയം – 32 – 669 – 235 – 34,99,676 രൂപ
6. ഇടുക്കി – 38 – 334 – 565 – 16,83,242 രൂപ
7. എറണാകുളം – 61 – 1314– 806 – 66,16,705 രൂപ
8. തൃശ്ശൂർ – 63 – 1134 – 734– 77,75,552 രൂപ
9. പാലക്കാട് – 38– 300– 197– 14,50,647 രൂപ
10. വയനാട് – 19 – 351– 1498– 3,67,881 രൂപ
11. കണ്ണൂർ – 24 – 609 – 771 – 9,57,571 രൂപ
12. കാസർഗോഡ് – 27 – 1793 – 987 – 25,81,752 രൂപ

ആകെ – 453 – 7702 – 6684 – 3,57,02,956 രൂപ

കോവിഡ് മഹാമാരിക്കാലത്തും എല്ലാവിധ കോവിഡ് പ്രോട്ടോക്കോളും പാലിച്ച് ഓണച്ചന്തകൾ നടത്തി കുടുംബശ്രീ സംരംഭകർക്ക് ആശ്വാസമേകാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. സാധ്യമാകുന്നിടങ്ങളിലെല്ലാം ഓണച്ചന്തകൾ നടത്താൻ ചുക്കാൻ പിടിച്ച കുടുംബശ്രീ ജില്ലാ ടീമുകൾക്കും സിഡിഎസുകൾക്കും തുണയേകിയ എംഇസിമാർക്കും ഓണച്ചന്തകളിൽ പങ്കെടുത്ത സംരംഭകർക്കും കൃഷിസംഘാംഗങ്ങൾക്കുമെല്ലാം എന്റെ അഭിനന്ദനങ്ങൾ അറിയിക്കട്ടെ.